# കേരളത്തിലെ വനങ്ങൾ

വൈവിധ്യമാർന്ന വനംവന്യജീവി സമ്പത്തു കൊണ്ട് അനുഗ്രഹീതമായ ഭൂപ്രദേശമാണ് കേരളം. സംസ്ഥാനത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 29.1 ശതമാനത്തോളം (ഏകദേശം 9400 ചതുരശ്ര കിലോമീറ്റർ) വനങ്ങളാണ്. ജൈവസമൃദ്ധിയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന വിവിധതരത്തിലുള്ള സസ്യജന്തുജാലങ്ങളുടെ ആവാസകേന്ദ്രം കൂടിയാണ് വനങ്ങൾ. കേരളത്തിലെ വനപ്രദേശത്തെ സംരക്ഷിതവനം, നിർദ്ദിഷ്ട സംരക്ഷിതവനം, നിക്ഷിപ്തവനം, പരിസ്ഥിതി ദുർബല പ്രദേശങ്ങൾ എന്നീ വിഭാഗങ്ങളിലായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

നദികളിലെയും പുഴകളിലെയും ജലവിതരണത്തിനും, വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും അന്തരീക്ഷത്തിലെ താപനില ക്രമീകരിക്കുന്നതിലും മണ്ണുസംരക്ഷണത്തിലുമെല്ലാം വനങ്ങൾ സുപ്രധാന പങ്കുവഹിക്കുന്നു. ആഗോളതാപനത്തിന് കാരണമാകുന്ന ഹരിതഗൃഹവാതകങ്ങളിൽ ഒന്നായ കാർബൺഡൈഓക്സൈഡ് വൻതോതിൽ വലിച്ചെടുക്കുക വഴി വനങ്ങൾ കാർബൺ സംഭരണി എന്ന രീതിയിലും പ്രവർത്തിക്കുന്നു. 1 ഹെക്ടർ വനം 5 മുതൽ 10 ടൺ വരെ കാർബൺഡൈഓക്സൈഡ് ആഗിരണം ചെയ്യുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

വർദ്ധിച്ചു വരുന്ന ജനസാന്ദ്രതയും, വ്യാവസായിക വൽക്കരണവും എല്ലാം വനനശീകരണത്തിന് ആക്കം കൂട്ടുന്നതോടൊപ്പം വിവിധ സസ്യജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. മഴയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ വനങ്ങളെ പ്രധാനമായും നിത്യഹരിത വനങ്ങൾ, ഇലപൊഴിയും കാടുകൾ, ചോലവനങ്ങൾ, പുൽമേടുകൾ എന്നിവയായി തരംതിരിച്ചിരിക്കുന്നു.

## നിത്യഹരിതവനങ്ങൾ

കേരളത്തിലെ വനങ്ങളുടെ ഏകദേശം നാലിലൊന്ന് ഭാഗവും നിത്യഹരിതവനങ്ങളാണ്. വർഷം മുഴുവൻ പച്ചപ്പ് നിലനിർത്തുന്നതിനാലാണ് ഇവ നിത്യഹരിതവനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. നിത്യഹരിതവനങ്ങളിലെ വൃക്ഷങ്ങളിൽ ഇലകൾ കൊഴിയുന്നതിനോടൊപ്പം പുതിയ ഇലകൾ കിളിർക്കുന്നതിനാൽ ഇത്തരം വനങ്ങൾ ഇലകൾ കൊണ്ട് മൂടപ്പെട്ടിരിക്കും. തിങ്ങിക്കാണപ്പെടുന്ന വൃക്ഷങ്ങൾ, ഉയർന്ന വാർഷിക വർഷപാതം, വ്യത്യസ്തമായ നിരവധി സസ്യജന്തുജാലങ്ങളുടെ സാന്നിധ്യം എന്നിവ നിത്യഹരിതവനങ്ങളുടെ സവിശേഷതകളാണ്. കേരളത്തിലെ നിത്യഹരിതവനങ്ങൾ കാണപ്പെടുന്നത് പശ്ചിമഘട്ടമേഖലകളിലാണ്. കേരളത്തിന്റെ ആകെ വനവിസ്തൃതിയുടെ 2463.74 ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ വ്യാപിച്ചിരിക്കുന്ന നിത്യഹരിതവനങ്ങൾ പ്രധാനമായും ദക്ഷിണപർവ്വതമുകൾ നിത്യഹരിതവനങ്ങൾ, പടിഞ്ഞാറൻതീര നിത്യഹരിതവനങ്ങൾ, നനവാർന്ന നിത്യഹരിത അർദ്ധനിത്യഹരിത ക്ലൈമാക്സ് വനങ്ങൾ എന്നിങ്ങനെ തരം തിരിക്കപ്പെട്ടിരിക്കുന്നു.

## ദക്ഷിണപർവ്വതമുകൾ നിത്യഹരിതവനങ്ങൾ

നിത്യഹരിതവനങ്ങളെക്കാൾ ഉയരം കുറഞ്ഞ വൃക്ഷങ്ങളാണ് ഇത്തരം വനങ്ങളിലുള്ളത്. പ്രധാനമായും കുന്നുകളുടെ മുകളിലും ചരിവുകളിലുമാണ് ദക്ഷിണപർവ്വതമുകൾ നിത്യഹരിതവനങ്ങൾ കാണുന്നത്. വാർഷിക വർഷപാതം 4500 മില്ലീമീറ്റർ ആണ്. ഉയർന്ന ആർദ്രത, ഉയർന്ന വർഷപാതം എന്നിവയാണ് ഇത്തരം വനങ്ങളുടെ സവിശേഷതകൾ. മുളകളും വിവിധയിനം വള്ളിച്ചെടികളുമാണ് കൂടുതലായി ഈ വനങ്ങളിൽ കാണുന്നത്.

## പടിഞ്ഞാറൻതീര നിത്യഹരിതവനങ്ങൾ

പടിഞ്ഞാറൻതീരപ്രദേശത്തിനു സമീപത്തായി കാണപ്പെടുന്ന ഇത്തരം സസ്യജന്തുവൈവിധ്യം കൊണ്ട് ശ്രദ്ധേയമാണ്. 250 – 1200 മീറ്റർ ഉയരത്തിൽ കാണപ്പെടുന്ന ഇത്തരം വനങ്ങളിൽ 45 മീറ്ററിൽ അധികം ഉയരമുള്ള വൃക്ഷങ്ങളുണ്ട്. വാർഷിക വർഷപാതം 1500 – 5000 മില്ലീമീറ്റർ ആണ്. നാകചെമ്പകം, കാരാഞ്ഞിലി, പുന്ന, പാലി, വെടിപ്ലാവ് എന്നിവ ഇവിടെ യഥേഷ്ടം കണ്ടുവരുന്നു. മറ്റു നിത്യഹരിത വനങ്ങളിൽ സുലഭമായി കണ്ടുവരുന്ന കൽപ്പയിൻ, കമ്പകം എന്നീ വൃക്ഷങ്ങൾ ഇവിടെ കാണപ്പെടുന്നില്ല എന്നത് ഇവിടുത്തെ പ്രത്യേകതയാണ്.

## നനവാർന്ന നിത്യഹരിത അർദ്ധനിത്യഹരിത ക്ലൈമാക്സ് വനങ്ങൾ

പശ്ചിമഘട്ടമലനിരകളിൽ 2000 മീറ്ററിന് മുകളിൽ വർഷപാതം ലഭിക്കുന്നതും സദാ കാറ്റ് വീശുന്നതുമായ പ്രദേശമാണ് ഈ വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. മഴയുടെ ലഭ്യത, ആർദ്രത, എന്നിവയ്ക്കനുസരിച്ച് സസ്യജന്തുജാലങ്ങളിലും പ്രകടമായ മാറ്റം കണ്ടുവരുന്നു.

വൃക്ഷങ്ങളെക്കൊണ്ട് മാത്രമല്ല ജന്തുവൈവിധ്യത്താലും ശ്രദ്ധേയമാണ് നിത്യഹരിതവനങ്ങൾ. കേരളത്തിലെ നിത്യഹരിതവനങ്ങളിൽ പ്രത്യേകിച്ചും സൈലന്റ് വാലിയിൽ കണ്ടുവരുന്ന സസ്തനിയാണ് സിംഹവാലൻ കുരങ്ങുകൾ. കൂടാതെ ആന, കുറുക്കൻ, പുലി, കാട്ടുപോത്ത്, പുള്ളിമാൻ തുടങ്ങിയ മൃഗങ്ങളും, വിവിധയിനം ഷഡ്പദങ്ങളും, കേരളത്തിലെ നിത്യഹരിതവനങ്ങളിൽ മാത്രം കണ്ടുവരുന്ന വലിയ കരിഞ്ചുണ്ടൻ മരംകൊത്തി, വയനാടൻ ചിരിപ്പക്ഷി, മലമുഴക്കി വേഴാമ്പൽ എന്നിവയും ഈ ആവാസവ്യവസ്ഥയിലെ അംഗങ്ങളാണ്.

## ഇലപൊഴിയും കാടുകൾ

നിത്യഹരിതവനങ്ങളിൽ നിന്നും വ്യത്യസ്തമായി തണുപ്പു കാലത്തും, വരണ്ട കാലാവസ്ഥകളിലും ഇലകളില്ലാതെ നിൽക്കുന്ന മരങ്ങൾകൊണ്ട് നിറഞ്ഞതാണ് ഇലപൊഴിയും കാടുകൾ. ആകെ വനവിസ്തൃതിയുടെ 1705.16 ചതുരശ്ര കിലോമീറ്റർ ആർദ്ര ഇലപൊഴിയും കാടുകളും 215.26 ചതുരശ്ര കിലോമീറ്റർ വരണ്ട ഇലപൊഴിയും കാടുകളുമാണ്. മഴ കുറവുള്ള സമയത്ത് ഇല പൊഴിയുന്നത് സ്വേദനത്തിലൂടെ വൻതോതിൽ ഉണ്ടാകുന്ന ജലനഷ്ടം കുറയുന്നതിനും, മണ്ണിൽവീഴുന്ന ഇലകൾ അഴുകി മണ്ണിനെ ഫലഭൂയിഷ്ഠത വർദ്ധിക്കുന്നതിനും കാരണമാകുന്നു. വൃക്ഷങ്ങൾ പുഷ്പിക്കുന്നത് ഇലപൊഴിയുന്ന അവസരത്തിലാണെന്നുള്ളത് ഷഡ്പദങ്ങളിലൂടെയുള്ള പരാഗണം കൂടുതൽ സുഗമമാക്കുന്നു.

ഈർപ്പത്തിന്റെ തോതനുസരിച്ച് ആർദ്രഇലപൊഴിയും കാടുകളെ പ്രഥമ ആർദ്രഇലപൊഴിയും കാടുകളായും ദ്വിതീയ ആർദ്രഇലപൊഴിയും കാടുകളായും തിരിച്ചിരിക്കുന്നു. ഇവയിൽ ആദ്യത്തേത് ആനമലയ്ക്കും വയനാടിനും ഇടയ്ക്ക് ഒറ്റപ്പെട്ട് കാണപ്പെടുന്നു. കുടപ്പുന്ന, കുരുട്ടുപാല തുടങ്ങിയ വൃക്ഷങ്ങൾ ഇത്തരം കാടുകളുടെ പ്രത്യേകതയാണ്. കൂടാതെ തേക്ക്, പച്ചിലമരം, വേങ്ങ, വെള്ളമരുത് എന്നിവ യഥേഷ്ടം കാണുന്നു. പ്രഥമ ആർദ്രഇലപൊഴിയും കാടുകളെക്കാൾ വിസ്തൃതി കൂടിയവയാണ് ദ്വിതീയ ആർദ്രഇലപൊഴിയും കാടുകൾ. സസ്യജാലങ്ങൾ രണ്ടിടത്തും ഒരുപോലെയാണെങ്കിലും കുടപ്പുന്ന, കാഞ്ഞിരം, ഇരുൾ തുടങ്ങിയ വൃക്ഷങ്ങൾ ദ്വിതീയ ആർദ്രഇലപൊഴിയും കാടുകളിൽ കൂടുതലായി കാണപ്പെടുന്നു.

വരണ്ട ഇലപൊഴിയും കാടുകൾ ദ്വിതീയ വരണ്ട ഇല പൊഴിയും കാടുകളായും ദക്ഷിണ വരണ്ട ഇലപൊഴിയും കാടുകളായും തരംതിരിക്കപ്പെട്ടിട്ടുണ്ട്. നിശ്ചിത മാതൃകയിലല്ലാത്ത ഉയരം കുറഞ്ഞ വൃക്ഷങ്ങളോട് കൂടിയ ക്ലൈമാക്സ് വനങ്ങളാണ് ദ്വിതീയ വരണ്ട ഇലപൊഴിയും കാടുകൾ. മുള്ളിലവ്, തേക്ക്, ചന്ദനം തുടങ്ങിയ മരങ്ങൾ കാണപ്പെടുന്നു. വരണ്ട പ്രദേശങ്ങളിൽ 875 മുതൽ 1125 മില്ലീമീറ്റർ വാർഷിക വർഷപാതം ലഭിക്കുന്ന പ്രദേശങ്ങളാണ് വരണ്ട ഇലപൊഴിയും കാടുകൾ ആയി അറിയപ്പെടുന്നത്. വരിമരം, കുങ്ങില്യം തുടങ്ങിയവ കണ്ടുവരുന്നു. ഇലപൊഴിയുംകാടുകളിൽ കൂടുതലായി കാണപ്പെടുന്നത് ആന, കാട്ടുപോത്ത്, മാൻ തുടങ്ങിയ മൃഗങ്ങളാണ്.

## ചോലവനങ്ങൾ

വളരെ ഉയരം കൂടിയ പ്രദേശങ്ങളിൽ കാണപ്പെടുന്ന ഉയരം കുറഞ്ഞ നിത്യഹരിത വനങ്ങളായ ചോലവനങ്ങൾ വൈവിധ്യമാർന്ന ആവാസവ്യവസ്ഥയുള്ളതും, ലോകമെമ്പാടും നാശോൻമുഖമായിക്കൊണ്ടിരിക്കുന്നതുമായ വളരെയധികം പാരിസ്ഥിതിക പ്രത്യേകതകൾ ഉള്ള

ഭൂവിഭാഗവുമാണ്. ചോലവനങ്ങൾ വിവിധ ഇനത്തിലുള്ള അപൂർവ്വവും, വംശനാശം സംഭവിച്ച് കൊണ്ടിരിക്കുന്നതും, പ്രത്യേക പ്രദേശങ്ങളിൽ മാത്രം കാണപ്പെടുന്നതുമായ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ കൂടിയാണ്. കേരളത്തിലെ ചോലവനങ്ങൾ ഏകദേശം സമുദ്രനിരപ്പിൽനിന്നും 1800 മീറ്റർ ഉയരത്തിലായാണ് കാണുന്നത്. ചോലവനങ്ങൾ മഴയിലൂടെ ലഭിക്കുന്ന ജലത്തെ ആഗീരണം ചെയ്ത് നിർത്തുക വഴി വെള്ളപ്പൊക്കം നിയന്ത്രിക്കുന്നു. കാട്ടുതീയെ പ്രതിരോധിക്കാൻ കഴിവുള്ള വൃക്ഷങ്ങൾ ചോലവനങ്ങളുടെ പ്രത്യേകതയാണ്. സാധാരണയായി പുൽമേടുകളും ചോലവനങ്ങളും ഇടകലർന്നാണ് കാണപ്പെടുന്നത്. കുടത്തലപ്പ് പോലെ മുകൾവശം കാണപ്പെടുന്ന ഉയരം കുറഞ്ഞ വൃക്ഷങ്ങൾ, കാട്ടുപൂവരശ്ശ്, പൂങ്കാര, ഞാവൽ, കാരാഞ്ഞിലി, മുള്ളുമുരിങ്ങ, നാകചെമ്പകം, വിവിധയിനം ഓർക്കിഡുകൾ, പൂപ്പൽ, പന്നൽ, വംശനാശ ഭീഷണി നേരിടുന്ന വിവിധയിനം ജന്തുക്കൾ; പ്രത്യേകിച്ച് വരയാടുകൾ എന്നിവ ചോലവനങ്ങളിൽ കാണാവുന്നതാണ്.

## പുൽമേടുകൾ

പർവ്വതനിരകളുടെ ചെരിവുകളിൽ കാണുന്ന മരങ്ങൾ കുറഞ്ഞ വനമേഖലയാണ് പുൽമേടുകൾ. താരതമ്യേന സസ്യവൈവിധ്യം കുറഞ്ഞ പ്രദേശമാണ്. 1500 മീറ്റർ ഉയരത്തിലാണ് പുൽമേടുകൾ കാണുന്നത്. പ്രധാനമായും പുൽച്ചെടികളും, തായ്ത്തടിയില്ലാത്തതുമായ കുറ്റിച്ചെടികളും വളരുന്ന പ്രദേശമാണ് പുൽമേടുകൾ. മൂന്നാറിലെ ഇരവികുളം നാഷണൽ പാർക്ക്, വാഗമൺ തുടങ്ങിയ സ്ഥലങ്ങൾ കേരളത്തിലെ പുൽമേടുകൾക്ക് ഉദാഹരണങ്ങളാണ്. സമുദ്ര നിരപ്പിൽനിന്നുള്ള ഉയരക്കൂടുതൽ, അതിശക്തിയായ കാറ്റ്, മണ്ണിന്റെ ഘടന എന്നിവ ഇത്തരം ആവാസവ്യവസ്ഥയിലെ മരങ്ങളുടെ സ്വാഭാവിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. പുൽമേടുകളിൽ കാണപ്പെടുന്ന നെല്ലി, ഈട്ടി, പേഴ്, തുടങ്ങിയ മരങ്ങൾക്ക് കാട്ടുതീയെ വെല്ലാനുള്ള കഴിവുണ്ട്. തുറസ്സായ പുൽമേടുകളിലെ വൃക്ഷങ്ങൾക്ക് ശൈത്യകാലത്തെ തണുപ്പിനെ പ്രതിരോധിക്കാനുള്ള കഴിവുള്ളവയാണ്. ഇരവികുളത്ത് മാത്രമായി കാണപ്പെടുന്ന വരയാടും, വ്യാഴവട്ടത്തിലൊരിക്കൽ മാത്രം പുഷ്പിക്കുന്ന നീലക്കുറിഞ്ഞിയും പുൽമേടുകളുടെ അപൂർവതകളാണ്. പുൽമേടുകളിൽ വിവിധ പുല്ലിനങ്ങളും, മണ്ണിൽ വളരുന്ന ഓർക്കിഡുകളും കാണപ്പെടുന്നു. കൂടാതെ ആന, കാട്ടുപോത്ത്, വരയാട് തുടങ്ങിയ ജന്തുക്കളുടെ മേച്ചിൽപ്രദേശമാണ് പുൽമേടുകൾ.


ഭക്ഷ്യസുരക്ഷയിലും ജീവന്റെ നിലനിൽപ്പിനും വനങ്ങളാണ് ആധാരം, എന്നിരിക്കെ വർദ്ധിച്ചുവരുന്ന ആഗോള താപനത്തിനെതിരെയുള്ള മറുപടിയായും വനങ്ങൾ സംരക്ഷിക്കാം, നല്ലൊരു നാളേയ്ക്കായി.


ചോലവനം


നിത്യഹരിത വനം


ഇലപൊഴിയും കാട്

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
എൽ 14, ജയ് നഗർ, മെഡിക്കൽകോളേജ് പി. ഒ.
തിരുവനന്തപുരം 695011 ഫോൺ: 04712554740
www.keralabiodiversity.org
keralabiodiversity@gmail.com



# കേരളത്തിലെ വനങ്ങൾ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്